ന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 3 മേഖലകളിൽ ലഹരിക്കടിമപ്പെട്ട വർക്ക് പുനരധിവാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വിമുക്തി മിഷൻ ഉദ്ദേശിക്കുന്നു.

ലഹരി വസ്തുക്കളുടെ ഉപയോഗം തടയാൻ നടപടി

423 (5148) ശ്രീ. ടി. ഐ. മധുസൂദനൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ, ഇത്തരം ലഹരി വസ്തുക്കളുടെ വ്യാപനവും ഉപയോഗവും തടയാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ലഹരി വസ്തുക്കളുടെ ഉപയോഗവും വ്യാപനവും തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഓരോ ജില്ലയിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്പെക്കിംഗ് ഫോഴ്സ് ടീമുകളുടെ നേതൃത്വത്തിൽ എല്ലാ പ്രധാന റോഡുകളിലും വാഹനപരിശോധന നടത്തുന്നുണ്ട്. എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ എൻഫോഴ്സ്മെന്റ് വിഭാഗവും, സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗവും, രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി എക്സൈസ് ഇന്റലിജൻസ് വിഭാഗവും, എക്സൈസ് ഷാഡോ സംവിധാനവും പ്രവർത്തിക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചും, വയർലസ് സംവിധാനം ഏർപ്പെടുത്തിയും, വാഹനപരിശോധന കർശ്ശനമാക്കിയും, അന്യ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിംഗ് നടത്തിയും, ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാൻ ഇടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യനിരീക്ഷണങ്ങൾ നടത്തിയും മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടേയും ഉപയോഗവും, വ്യാപനവും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നെയ്യാറ്റിൻകര വിമുക്തി സെന്റർ

424 (5149) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിലെ വിമുക്തി സെന്ററിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് പുതിയതായി ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ?

സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി പ്രത്യേക സൗകര്യങ്ങളോടു കൂടിയ ഡീ-അഡിക്ഷൻ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നിർമ്മാണ/നവീകരണ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly